"ഭരണഭാഷ-മാതൃഭാഷ"

ബി2-625/2017

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യുടെ
കാര്യാലയം, ജി.സി.ഡി.എ, എറണാകുളം-20
E mail- lagcdaekm@gmail.com തീയതി 13.02.2019

കൊച്ചി താലൂക്കിലെ കുഴുപ്പിള്ളി വില്ലേജിലെ 81, 82, 87 എന്നീ സർവെ നമ്പറുകളിൽ നിന്നായി 0.2099 ഹെക്ടർ ഭൂമി മുനമ്പം - അഴീക്കോട് പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനു വേണ്ടി RFCT LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സെക്ഷൻ 7(5) പ്രകാരം വിദഗ്ദ്ധ സമിതി തയ്യാറാക്കി സമർപ്പിക്കുന്ന അവലോകന റിപ്പോർട്ട്.

മുനമ്പം - അഴീക്കോട് പാലം, അനുബന്ധ റോഡ് നിർമാണത്തിനായി RFCT LARR Act 2013 ആക്ട് 2013 പ്രകാരം അർത്ഥനപത്രം ലഭിച്ചിട്ടുള്ളതും ആയതു പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ 02/11/2017 ലെ സി7-143487/17 നമ്പർ നടപടിക്രമം പ്രകാരം എറണാകുളം ജി.സി.ഡി.എ. പൊന്നുംവില സ്പെഷ്യൽ തഹസിൽദാരെ സ്ഥലമെടുപ്പാഫീസറായി നിയമിച്ചിട്ടുള്ളതാണ്. എൽ.എ.ആർ.ആർ.ആക്ട് 2013 പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുള്ളതാണ്.

RFCT LARR Act 2013 ചട്ടം 11(3) പ്രകാരമുള്ള ഫാറം നമ്പർ 4 വിജ്ഞാപനം ജില്ലാ കള്കടർ അംഗീകരിച്ചിട്ടുള്ളതും ആയത് 03/07/2018 ലെ സാധാരണ കേരള ഗസറ്റിലും ബന്ധപ്പെട്ട പദ്ധതി പ്രദേശത്തും ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിലും കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ്, കൊച്ചി താലൂക്ക്, പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട തയ്യാറാക്കി കരട് റിപ്പോർട്ട് 14/08/2018 ലും അന്തിമ റിപ്പോർട്ട് 31/10/2018 ലും കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സമർപ്പിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി, 25/01/2019 ലെ സി7-143487/17 നമ്പർ നടപടിക്രമം മുഖേന എറണാകുളം ജി.സി.ഡി.എ. (എൽ.എ)

സ്പെഷ്യൽ തഹസിൽദാറെ വിദഗ്ദ്ധ സമിതി ചെയർമാനായി നിയമിച്ച് കളക്ടർ ഉത്തരവായിട്ടുള്ളതാണ്.

12/02/2019 ൽ കൂടിയവിദഗ്ദ്ധ സമിതി ടി റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട മുനമ്പം – അഴീക്കോട് പാലം വാഹന ഗതാഗതം ഏറെയുള്ള ദേശീയ പാത 17 ലും 47 ലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് പരിഹാരമാകുമെന്നും RFCT LARR ആക്ട് 7 –ാം വകുപ്പ് 5 ഉപവകുപ്പ് (1) നിഷ്കർഷിക്കും പ്രകാരം ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്ന് കമ്മിറ്റി അംഗങ്ങൾ അംഗീകരിച്ചു. RFCT LARR ആക്ട് 2013 വ്യവസ്ഥ പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവ അർഹരായ ഭൂവുടമകൾക്ക് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാവുന്നതാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായുള്ള ചെലവുകളേയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്ന നിഗമനത്തിൻെറ അടിസ്ഥാനത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

വിശദമായ ചർച്ചകൾക്കു ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് പൊതു താൽപര്യത്തെ മുൻനിർത്തി പദ്ധതി നടപ്പിലാക്കുന്നതിലേക്ക് ശുപാർശ ചെയ്യാവുന്നതാണെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിക്കുകയും ടി തീരുമാനം യോഗത്തിൽ ഹാജരായ എല്ലാ വിദഗ്ദ്ധ സമിതി അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ.ആക്ട് 2013 സെക്ഷൻ 8 പ്രകാരം ടി നടപടികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് ടി റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

വിദഗ്ദ്ധ സമിതി ചെയർമാൻ &<br>
സ്പെഷ്യൽ തഹസിൽദാർ<br>
(എൽ.എ.) ജി.സി.ഡി.എ

"ഭരണഭാഷ-മാതൃഭാഷ"

ബി2-625/2017

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യുടെ
കാര്യാലയം, ജി.സി.ഡി.എ, എറണാകുളം-20
E mail- lagcdaekm@gmail.com തീയതി 13.02.2019

## വിദഗ്ദ്ധ സമിതി യോഗത്തിന്റെ മിനിട്ട്സ്

മുനമ്പം – അഴീക്കോട് പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനു വേണ്ടി കൊച്ചി താലൂക്കിലെ കുഴുപ്പിള്ളി വില്ലേജിലെ 81, 82, 87 എന്നീ സർവെ നമ്പറുകളിൽ നിന്നായി 0.2099 ഹെക്ടർ ഭൂമി RFCT LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി 12/02/2019 -ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് കാക്കനാട് കളക്ടറേറ്റിലുള്ള (എൽ.എ.) ഡപ്യൂട്ടി കളക്ടറുടെ ചേമ്പറിൽ വച്ച് നടന്ന വിദഗ്ദ്ധ സമിതി യോഗത്തിന്റെ മിനിട്ട്സ്

യോഗം 4 മണിയ്ക്ക് ആരംഭിച്ചു
യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. ശ്രീ.ഷാജഹാൻ .എസ്. ,(എൽ.എ.) ഡപ്യൂട്ടി കളക്ടർ, എറണാകുളം
2. ശ്രീമതി.സാലിയമ്മ കുര്യൻ ,സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജി.സി.ഡി.എ. എറണാകുളം.
3. ഡോ.ഷീനാ രാജൻ ഫിലിപ്പ്, സാമൂഹിക പ്രവർത്തന വിഭാഗം മേധാവി, ഭാരത് മാതാ കോളേജ് തൃക്കാക്കര
4. ശ്രീ.പി.കെ.രാധാകൃഷ്ണൻ, പ്രസിഡന്റ്, പള്ളിപ്പുറം പഞ്ചായത്ത്
5. ശ്രീമതി.സുനില ദയാലു, മെമ്പർ – വാർഡ് 3 ,പള്ളിപ്പുറം പഞ്ചായത്ത്.
6. ശ്രീമതി.സജിന.എസ്.ജെ, ഡപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം.
7. ശ്രീമതി.രാഗി.രാമചന്ദ്രൻ.സി., ഓവർസിയർ 1st ഗ്രേഡ് , ബ്രിഡ്ജസ് സെക്ഷൻ, പൊതു. മരാമത്ത് വകുപ്പ്, ചാലക്കുടി
8. ശ്രീമതി. ബിൽസി ജോർജ്ജ്, ഓവർസിയർ 3rd ഗ്രേഡ്, ബ്രിഡ്ജസ് സെക്ഷൻ, പൊതു മരാമത്ത് വകുപ്പ്, ചാലക്കുടി.

വിദഗ്ദ്ധ സമിതി ചെയർമാനും അദ്ധ്യാക്ഷനുമായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജി.സി.ഡി.എ. യോഗത്തിലേയ്ക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. മുനമ്പം അഴീക്കോട് പാലം, അനുബന്ധ റോഡ് നിർമാണത്തിനുള്ള പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് വിലയിരുത്തുന്നതിനായാണ് യോഗം വിളിച്ചു ചേർത്തതെന്നും ആയതിൽ അംഗങ്ങളുടെ അഭിപ്രായവും വിദഗ്ദ്ധ സമിതി ചെയർമാൻ ആരാഞ്ഞു.

മുനമ്പം - അഴീക്കോട് പാലം, അനുബന്ധ റോഡ് നിർമാണത്തിനുള്ള പൊന്നുംവില നടപടി മൂലം ഏകദേശം 17 കൈവശക്കാരുണ്ടെന്നും അതിൽ 17 കടമുറികളും 3 വീടുകൾ ഭാഗികമായും, ബാധിക്കപ്പെടുന്നുവെന്ന് ചെയർമാൻ അറിയിച്ചു.

ടി പൊന്നുംവില നടപടിമൂലം കടകൾ നഷ്ടപ്പെടുന്നവർക്കും കടകളിലെ തൊഴിലാളികൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.രാധാകൃഷ്ണൻ, ആവശ്യപ്പെട്ടു. കടകൾ നഷ്ടപ്പെടുന്നവർക്ക് RFCT LARR Act 2013 ലെ പുനരധിവാസ പുന:സ്ഥാപന വ്യവസ്ഥകൾ പ്രകാരം ആവശ്യമായ രേഖകൾ ഹാജരാക്കുന്ന പക്ഷം ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണെന്നും (എൽ.എ.) ഡപ്യൂട്ടി കളക്ടർ അഭിപ്രായപ്പെട്ടു.

നിർദ്ദിഷ്ട പാലത്തിന്റെ ഉയരം കുറവാണെന്നുള്ളതിനാൽ നിലവിൽ ഉപയോഗിക്കുന്ന മത്സ്യ ബന്ധന ബോട്ടുകൾ കടന്നു പോകാൻ സാധിക്കുമോ എന്ന ആശങ്ക പഞ്ചായത്ത് പ്രസിഡന്റും മെമ്പറും അറിയിച്ചു. എന്നാൽ KSINC അധികൃതർ പാലത്തിന്റെ ഉയരം സംബന്ധിച്ച് പരിശോധന നടത്തി ടി വിഷയം ഉറപ്പാക്കിയിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. KSINC വ്യവസ്ഥകൾ പ്രകാരമായതിനാൽ പാലത്തിന്റെ ഉയരം സംബന്ധിച്ച ആശങ്ക വേണ്ടെന്ന് ഡപ്യൂട്ടി കളക്ടറും അറിയിച്ചു. ആവശ്യമാണെങ്കിൽ അർത്ഥനാധികാരിയും പഞ്ചായത്ത് അധികൃതരും ടി വിഷയം ഭൂവുടമകളെ ബോധ്യപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

വൈപ്പിൻ പറവൂർ റോഡിലെ ഗതാഗതം രൂക്ഷമാണെന്നും വാഹനങ്ങളുടെ പെരുപ്പം മൂലം റോഡ് കുറുകെ കടക്കുവാൻ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നും ചൂണ്ടിക്കാണിച്ച് ടി റോഡിനു സമാന്തരമായ വൈപ്പിൻ പള്ളിപ്പുറം സമാന്തരപാതയുടെ

സ്ഥലമെടുപ്പു നടപടികൾ വേഗത്തിലാക്കണമെന്നും പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടു. ടി പൊന്നുംവില നടപടിയിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സ്കെച്ചും ആവശ്യപ്പെട്ട ഫണ്ടും അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ലായെന്നും ഇത് സംബന്ധിച്ച് അർത്ഥനാധികാരിയ്ക്ക് കത്ത് നൽകുവാനും ഡപ്യൂട്ടി കളക്ടർ നിർദ്ദേശിച്ചു.

അന്തിമ റിപ്പോർട്ട് സംബന്ധിച്ച് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് ഡോ.ഷീനാ രാജൻ ഫിലിപ്പ് നിർദ്ദേശിച്ചു. ആയതു പരിഗണിക്കാമെന്ന് ഡപ്യൂട്ടി കളക്ടർ അറിയിച്ചു.

നിർദ്ദിഷ്ട മുനമ്പം – അഴീക്കോട് പാലത്തിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് മുനമ്പം ഭാഗത്ത് അനുബന്ധ റോഡ് അത്യാവശ്യമാണ്. നിർദ്ദിഷ്ട പാലം എറണാകുളം ജില്ലയിലെ മുനമ്പത്തെയും തൃശ്ശൂർ ജില്ലയിലെ അഴീക്കോടിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. വാഹന ഗതാഗതം ഏറെയുള്ള ദേശീയ പാത 17 ലും 47 ലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് പരിഹാരമാകുമെന്നും തന്മൂലം വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് കാരണമാകുമെന്നും പ്രദേശത്ത് സാമ്പത്തിക അഭിവൃദ്ധി ഉണ്ടാകുമെന്നും റിപ്പോർട്ട് പ്രകാരം വിദഗ്ദ്ധ സമിതി വിലയിരുത്തി.

വിശദമായ ചർച്ചകൾക്ക് ശേഷം മേൽ വസ്തുതകൾ പരിഗണിച്ച് RFCT LARR ACT 2013 – വകുപ്പ് 5 ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും പ്രകാരം മേൽപ്പാലം ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും പൊതു താൽപര്യത്തെ മുൻ നിർത്തി പദ്ധതി നടപ്പാക്കുന്നതിനായി യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. പദ്ധതി മൂലമുള്ള നേട്ടങ്ങൾ ചെലവുകളേക്കാൾ അധികമാണെന്ന് കാണുന്നതിനാൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കാവുന്നതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് കമ്മിറ്റി അംഗങ്ങൾ അംഗീകരിച്ചിരിക്കുന്നതിനാൽ ആയത് സംബന്ധിച്ച് ശുപാർശ ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണെന്നും ചെയർമാൻ അറിയിച്ചു.

4.40 പി.എം.ന് യോഗം അവസാനിച്ചു.

**വിദഗ്ദ്ധ സമിതി ചെയർമാൻ &**
**സ്പെഷ്യൽ തഹസിൽദാർ**
**(എൽ.എ.) ജി.സി.ഡി.എ**